# PETALS

## of Malankara



LUCKY DRAW

See Page - No 12

Gold Coin to The Winner

**638+**
Crore Business

**21150+**
Depositors

**48300+**
Happy Members

**45250+**
Loanees

Photography by Reshma KR

Vol:21 | Issue : September 2023

PETALS of Malankara

# MALANKARA CREDIT SOCIETY LTD

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004
REG. NO. MSCS/CR/297/2008
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
*Registered Under*
MINISTRY OF CO-OPERATION, GOVT. OF INDIA
www.mmsccs.com | info@mmsccs.com | Toll-free: 1800 313 1223



**BOCHE**
(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Chairman & Managing Director Boby Group of Companies

## PETALS of Malankara

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Mr.Jisso Baby**
CMD

**Editorial Board**
**Chief Editor**
**Mrs.Mariyama Pious**
Vice Chairman

**Members**
**Jose ML**
**Christo Johny**
**Aiswarya Sanesh**
**Sadhik Aboobaker**

**Design & Layout**
**Domson Simon**

## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence


## Lucky Draw Contest for Malankara Members

GOLD COIN to the winner



**Malankara Credit Society employees are not eligible for the contest**

Please read the EMagazine to qualify for lucky draw contest.



# MESSAGE



**Jisso Baby**
CMD

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

## ദിശാ നിർണയവും മാറ്റവും നവീകരണവും ഒപ്പം വളർച്ചയും

പ്രിയപ്പെട്ടവരെ,

മാറ്റങ്ങൾ, അത് നവീകരണത്തിലേക്കും പുരോഗതിയിലേക്കും നയിക്കുന്നു. ഈ മാസത്തെ "പെറ്റൽസ്" ദിശാനിർണയവും മാറ്റവും നവീകരണവും ഒപ്പം വളർച്ചയും എന്ന വിഷയം പരിശോധിക്കുന്നു.

നവീകരണം പലപ്പോഴും നടക്കുന്നത് കൂടുതൽ ഫലപ്രദമായ ഉൽപ്പന്നങ്ങൾ, പ്രക്രിയകൾ, സേവനങ്ങൾ, സാങ്കേതികവിദ്യകൾ, കലാസൃഷ്ടികൾ, അല്ലെങ്കിൽ വിപണികൾക്കും സമൂഹത്തിനും പുതുമകൾ ലഭ്യമാക്കുന്ന ബിസിനസ് മോഡലുകൾ എന്നിവ വികസിപ്പിക്കുന്നതിലൂടെയാണ്. നവീകരണത്തിന്റെ ചരിത്ര സാക്ഷാത്കാരമാണ് മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ നൂതന സംരംഭമായ ഡയമണ്ട് ലോൺ, ഇന്ത്യയിൽ ആദ്യമായി വജ്രാഭരണങ്ങൾക്ക് വായ്പ, കേരളത്തിന്റെ സാംസ്കാരിക നഗരമായ തൃശൂരിൽ ഡോ. ബോബി ചെമ്മണ്ണൂർ(ബോച്ചേ) ഉദ്ഘാടനം ചെയ്തിരിക്കുന്നത്. എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വജ്രാഭരണവായ്പ ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുന്നു. ദിശാനിർണയത്തിലൂടെ, അല്ലെങ്കിൽ കൃത്യമായ ആസൂത്രണത്തിലൂടെ മെമ്പർമാരുടെ ക്ഷേമത്തിനായി അവരിലേക്ക് ഇറങ്ങിച്ചെല്ലുകയാണ് മലങ്കര ക്രെഡിറ്റ് സൊസൈറ്റി. 2023-24 സാമ്പത്തിക വർഷത്തിൽ നാൽപത് കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് അങ്കമാലി, ചാവക്കാട്, തിരൂർ എന്നീ പ്രധാന നഗരങ്ങളിൽ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ചുരുക്കത്തിൽ മലങ്കര ക്രെഡിറ്റ് സൊസൈറ്റി നവീകരണത്തിന്റെ പാതയിലാണെന്നു നിസംശയം പറയാൻ സാധിക്കും.

നൂതനാശയങ്ങൾ സ്വീകരിക്കുക എന്നത് സാങ്കേതികവിദ്യയുടെ കാര്യത്തിൽ മാത്രം ഒതുങ്ങുന്നതല്ല. അത് ജിജ്ഞാസ ഉണർത്തൽ, വൈവിധ്യമാർന്ന ചിന്തകൾ പങ്കിടൽ, പുതിയ കാര്യങ്ങൾ പരീക്ഷിക്കൽ എന്നിവകൂടി ഉൾപ്പെട്ടതാണ്. ഈ പതിപ്പ് ഞങ്ങളുടെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന കഥകൾ കൂടി പങ്കിടുന്നു. മാറ്റങ്ങൾ അംഗീകരിക്കുന്നതും പുതുമയെ സ്വീകരിക്കുന്നതും വെല്ലുവിളികളോട് ഒപ്പമാണ്. എന്നാൽ ഇവ പുരോഗതിയിലേക്ക് നയിക്കുന്നു. വളർച്ച സാമ്പത്തികം മാത്രമല്ല, അത് വ്യക്തിപരവും തൊഴിൽപരവുമായ വികാസം കൂടിയാണ്.

നവീകരണം എന്ന പ്രക്രിയയിലൂടെ വെല്ലുവിളികൾ അവസരങ്ങളായി മാറ്റപ്പെടുകയാണ് ചെയ്യുന്നത്. നവീകരണ കഥകൾക്ക് പ്രചോദനമാകാൻ "പെറ്റൽസ്" ഒരു ഉദാഹരണം ആവട്ടെ. നിങ്ങളുടെ സഹകരണം ഞങ്ങളെ നവീകരണത്തിലേക്ക് നയിക്കുന്നു. മാറ്റത്തിൽ നമുക്ക് ഒന്നിക്കാം, നവീകരിക്കാം, വളരാം...

ആശംസകൾ
ജിസ്സോ ബേബി



**HELNA**
Sr. Executive -Daily Loan

# കാൽപ്പാടുകൾ

തോരാതെ പെയ്യുന്ന മഴ ..... മഴയ്ക്ക് ശക്തി കൂടുന്നതല്ലാതെ കുറയുന്നില്ല. എല്ലാവരും വീടിന്റെ ഉമ്മറത്ത് മഴയുടെ കുളിരുകൊണ്ട് ഉറക്കം തൂങ്ങി ഇരിപ്പാണ്. അന്ന് അവധിയായതിനാൽ കുട്ടികളൊന്നും സ്ക്കൂളിൽ പോയിട്ടില്ല. അങ്ങനെയിരിക്കെ അതിഥിയെപ്പോലെ ഒരു കുഞ്ഞിപ്പൂച്ച വീടിന്റെ ഗേറ്റിന്റെ മുന്നിൽ വന്നു നിന്നു. മഴയായതിനാൽ പുറത്തിറങ്ങിയാൽ അമ്മയുടെ കൈയിൽ നിന്നും നല്ല അടികിട്ടുമെന്ന് ഭയന്ന് അപ്പുക്കുട്ടൻ അവന്റെ അപ്പായോട് അതിനെ എടുത്തുകൊണ്ടുവരാൻ പറഞ്ഞു. അദ്ദേഹം ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് ദയതോന്നി. മഴ കൊണ്ട് വിറയ്ക്കുന്ന ആ കുഞ്ഞുജീവിയെ കൈകളിൽ കോരി എടുത്ത് ഉണങ്ങിയ ഒരു തുണികൊണ്ട് അതിന്റെ മേലാകെ പുതപ്പിച്ചപ്പോൾ ഒരു കുഞ്ഞിനെപ്പോലെ അത് അതിനുള്ളിൽ പതുങ്ങിക്കൂടി.

അപ്പുക്കുട്ടനാകട്ടെ പുതിയ ഒരു കളി കൂട്ടുകാരനെ കിട്ടിയപോലെ ആ കുഞ്ഞിപ്പൂച്ചയുടെ അടുത്ത് തന്നെ ചുറ്റിപറ്റിനിന്നു. ഓരോന്നു ചെയ്യുമ്പോഴും ശ്രദ്ധ മുഴുവൻ കുഞ്ഞിപ്പൂച്ചയിൽ തന്നെയായിരുന്നു. ഉറങ്ങാൻ സമയമായപ്പോഴും തന്റെ അടുത്ത് കിടത്താൻ ആവുന്നത്ര ശ്രമിച്ചുവെങ്കിലും അമ്മൂമ്മ വന്ന് ആ ദൗത്യം പരാജയപ്പെടുത്തി. കുറച്ചു പാൽ എടുത്ത് അതിനു കുടിക്കാൻ കൊടുത്തശേഷം പുറത്തുള്ള ഉപയോഗശൂന്യമായ ഒരു വാഷിങ് ബേസനിൽ തുണിയൊക്കെ വിരിച്ച് കിടത്തി. എന്നിട്ട് വാതിലടച്ച് കിടക്കാൻ പോയി. പിറ്റേദിവസം നേരത്തേ ഉണർന്നത് പൂച്ചക്കുഞ്ഞിനെ നോക്കാനുള്ള ആധിയോടെയാണ്. വേഗം പോയി വാതിൽ തുറന്നു നോക്കിയപ്പോൾ തലയുയർത്തിക്കൊണ്ട് ഇവിടെയാരുമില്ലേ?... എന്ന ഭാവത്തിൽ നിൽക്കുന്നു. അപ്പുക്കുട്ടൻ അതിനെ എടുത്ത് തലോടി. അന്ന് സ്ക്കൂൾ ഉള്ള ദിവസമാണെങ്കിലും തെല്ലൊരു മടിതോന്നി പോകാൻ. പുറത്തിരുന്ന പൂച്ചകുഞ്ഞിന്റെ സ്ഥാനം പിന്നീട് അകത്തായി. പതിയെ എല്ലാവരുടെയും ഇഷ്ടകഥാപാത്രമായി. അപ്പുകുട്ടൻ പ്യൂസി എന്ന് പൂച്ചകുഞ്ഞിന് പേരിട്ടു.

അവന് കളിക്കൂട്ടുകാരേക്കാൾ പ്രിയം പ്യൂസിയെ കളിപ്പിക്കുന്നതായി. ഇടക്കൊക്കെ അവന്റെ ചേച്ചിയും ഒപ്പം കൂടും. എല്ലാവരും ഭക്ഷണം കഴിക്കാനിരുന്നാൽ എനിക്കെന്തെങ്കിലും തായോ? എന്ന ഭാവത്തിൽ മേത്തേക്ക് ചാടും. അങ്ങനെ ചാടുമ്പോൾ അമ്മൂമ്മ ഒറ്റ കീറു വെച്ചുകൊടുക്കും. പ്യൂസിയെ അകത്തു കിടത്തുന്ന കാര്യം മാത്രം അപ്പുകുട്ടൻ ആവുന്നത്ര പരിശ്രമിച്ചെങ്കിലും അതൊന്നും നടന്നില്ല. വേണ്ടാതെ ഏതോ ഒരു മൂലയിലേക്ക് വലിച്ചെറിഞ്ഞ ഒരു പന്തെടുത്തു പൊടിതട്ടി അത് അതിന് കളിക്കാൻ കൊടുത്തു.

ഇതെന്തു ജീവിയാണ് എന്നാദ്യം ശങ്കിച്ചുനിന്നെങ്കിലും പിന്നീട് അതും തട്ടി കളിയായി. വൈകുന്നേരമായാൽ പ്യൂസിയെ പുറത്തേക്കിറക്കും. അവിടെ വല്ലോടത്തും ഒതുങ്ങി കൂടിക്കൊള്ളും. അകത്തേക്കാക്കിയാൽ പായയിലും തലയിണയിലുമെല്ലാം വന്നു കിടക്കും. അവിടെയൊക്കെ പിന്നെ രോമം കൊഴിയും. അതുകൊണ്ട് പ്യൂസിയെ പുറത്താക്കി വാതിലടയ്ക്കും. ബാത്ത്റൂം പുറത്തായതിനാൽ ഇടയ്ക്കൊക്കെ ആരെങ്കിലും പുറത്തുപോവാൻ വാതിൽ തുറന്നാൽ കിട്ടിയതാപ്പിന് പ്യൂസി അകത്തേക്ക് കയറും. വീണ്ടും അമ്മൂമ്മ പുറത്താക്കി വാതിലടയ്ക്കും. പിന്നെ നേരം വെളുത്തേ തുറക്കൂ. എണീറ്റാൽ അപ്പുക്കുട്ടൻ ആദ്യം ചെയ്യുന്നത് പ്യൂസിയെ നോക്കലാണ്. അവിടെത്തന്നെയുണ്ട് എന്നു മനസ്സിലാക്കിയാൽ വല്ലാത്തൊരാശ്വാസമാണ് അപ്പുക്കുട്ടന്. പിന്നെ കാര്യങ്ങളൊക്കെ ചെയ്ത് സ്കൂളിൽ പോകും. പ്യൂസിക്കുള്ള ഭക്ഷണമെല്ലാം അമ്മൂമ്മ അതിനുവേണ്ടി നീക്കിവെച്ചിരിക്കുന്ന പാത്രത്തിൽ ഇട്ടുകൊടുക്കും. പോരാത്തതിന് മണിക്കുട്ടിയുടെ വക വേറെ പങ്കും ഉണ്ടാകും.

നന്നേ ചെറുതിൽ അപ്പുക്കുട്ടന്റെ വല്യപ്പ കൊണ്ടുവന്നതാണ് മണിക്കുട്ടി എന്ന തത്തമ്മയെ. മണിക്കുട്ടിക്ക് വച്ചുകൊടുക്കുന്ന ചോറൊക്കെ അവളുടെ ആവശ്യം കഴിഞ്ഞാൽ അതിൽനിന്നും പോകുന്ന വറ്റു കൊത്തിപ്പെറുക്കാൻ വരുന്ന കോഴികൾക്കെല്ലാം പാത്രം തട്ടിമറിച്ച് ഇട്ടുകൊടുക്കും. അവയെല്ലാം കൊത്തിത്തിന്നും. അതേ കൂട്ടത്തിൽ പ്യൂസിക്കും കിട്ടും. അമ്മൂമ്മ മീൻ നന്നാക്കുമ്പോൾ അരികുപറ്റി നിൽക്കും പങ്കു കിട്ടാൻ. പതിവുപോലെ അന്നും അപ്പുക്കുട്ടൻ സ്കൂൾ വിട്ടു വന്നു. കുറച്ചുനേരം പ്യൂസിയുടെ കൂടെ പന്തു തട്ടി കളിച്ചു. പിന്നെ അതിന് ഭക്ഷണം വെച്ചു കൊടുത്തു. വൈകുന്നേരമായപ്പോൾ പുറത്തേക്കിറക്കി വാതിലടച്ചു. കുറച്ചു കഴിഞ്ഞ് ആരോ കതകുതുറന്നപ്പോൾ വീണ്ടും കയറി വന്നു. അലക്കിയിട്ടിരിക്കുന്ന തുണികൾക്കുള്ളിൽ ഒളിച്ചിരുന്നു. അപ്പുക്കുട്ടൻ ഇതുകണ്ടെങ്കിലും ഒന്നും മിണ്ടിയില്ല. അകത്തേക്ക് കയറിപ്പോകുന്നതുകണ്ട അമ്മൂമ്മ വന്ന് എല്ലായിടത്തും നോക്കിയിട്ടും പ്യൂസിയെ കണ്ടില്ല. അവസാനം അലക്കിയിട്ട തുണികൾ ഓരോന്നായി എടുത്തുനോക്കിയപ്പോൾ 'രണ്ടു കുഞ്ഞികണ്ണുകൾ'. അമ്മൂമ്മ വേഗം കഴുത്തിന് പിടിച്ച് പ്യൂസിയെ പുറത്തേക്കിട്ടു. അപ്പുക്കുട്ടൻ തെല്ലൊരു അമർഷം തോന്നിയെങ്കിലും ഒന്നും പറയാതെ കിടക്കാൻ പോയി.

പിറ്റേദിവസം പതിവുപോലെ എഴുന്നേറ്റ് പ്യൂസിയെ നോക്കിയപ്പോൾ അവിടെയൊന്നും കണ്ടില്ല. വീടിന് ചുറ്റും നോക്കി കണ്ടില്ല. അവൻ വല്ലാത്ത വിഷമത്തോടെ പ്യൂസിയെ കാണാനില്ലെന്ന് അമ്മൂമ്മയോട് പറഞ്ഞു. 'അത് അവിടെ വല്ലോടത്തും ഉണ്ടാകും നീ ശരിക്ക് നോക്ക്'.... എന്ന് അമ്മൂമ്മ. അവസാനം തിരഞ്ഞ് തിരഞ്ഞ് അപ്പുക്കുട്ടൻ പറമ്പിലേക്ക് പോയി. വീടിന്റെ പുറകുവശത്ത് കുറച്ചു നീങ്ങി ഒരു വലിയ തെങ്ങുണ്ട്. അതിനോട് ചേർന്ന് ഒരു കുഞ്ഞുതലയും ഉടലും വേർപ്പെട്ടു കിടക്കുന്നു. കണ്ടപാടെ അപ്പുകുട്ടൻ അവിടെത്തന്നെ ഇരുന്നു. അവൻ അവിടെ ഇരുന്ന് പൊട്ടിക്കരഞ്ഞു. കാരണം തിരക്കിയെത്തിയ അമ്മൂമ്മയോട് ഒന്നും പറയാൻ അവന് കഴിഞ്ഞില്ല. പകരം ചൂണ്ടികാണിച്ചു. അത് കണ്ടപ്പോൾ അമ്മൂമ്മയും ഒന്നു നടുങ്ങി. സാരമില്ല നമുക്ക് നല്ല പൂച്ചക്കുട്ടിയെ വേറെകിട്ടും. എന്നു പറഞ്ഞ് അമ്മൂമ്മ സമാധാനിപ്പിച്ചു.

അമ്മുമ്മയോട് അന്നേ പറഞ്ഞതല്ലേ അതിനെ അകത്ത് കിടത്തിയാൽ മതിയെന്ന്. ഇപ്പോൾ സമാധാനമായില്ലേ.... എന്നൊക്കെ പറഞ്ഞ് അപ്പുക്കുട്ടൻ ഓരോന്ന് എണ്ണിപ്പെറുക്കി. അപ്പുറത്തെ വീട്ടിലാണ് അമ്മിണിയമ്മയുടെ താമസം. വീടിന്റെ ജനൽ തുറന്നാൽ അപ്പുകുട്ടന്റെ വീടിന്റെ പിന്നാമ്പുറ കാഴ്ചകൾ കാണാം. അപ്പുക്കുട്ടന്റെ കരച്ചിൽ കേട്ട് എത്തിയ അമ്മിണിയമ്മ പറഞ്ഞു. രണ്ട് ദിവസമായി അതിനെ ഒരു കാടൻ ഓടിപ്പിക്കുന്നു. ഇന്നലെ അതിന്റെ കരച്ചിൽ കേട്ടിരുന്നു. വിളിച്ചെങ്കിലും ആരും കേട്ടില്ല. പിന്നീട് ഓർത്തപ്പോഴാണ് പ്യൂസി അന്ന് തുണിക്കുള്ളിൽ ഒളിച്ചിരുന്ന രഹസ്യം അവന് പിടികിട്ടിയത്. വല്ലാത്ത വിഷമത്തോടെ അവൻ തിരിഞ്ഞു നടന്നു. വീണ്ടും പുറകോട്ട് നോക്കിയപ്പോൾ അതിന്റെ കുഞ്ഞികണ്ണുകൾ അവനെത്തന്നെ നോക്കി കിടക്കുന്നതായി അവന് തോന്നി. അപ്പുക്കുട്ടൻ വീണ്ടും ചെന്ന് കുറച്ചങ്ങുനീങ്ങി മണ്ണുമാന്തി. അതിനെ കുഴിച്ചിട്ടു. അതിനു മുകളിൽ ഒരു പൂവും വെച്ചു. അപ്പോഴേക്കും സ്കൂളിലേക്ക് പോകാനുള്ള അമ്മയുടെ വിളി കാതുകളിൽ മുഴങ്ങി. മനസ്സില്ലാമനസ്സോടെ അവിടെ നിന്നും നടന്നുനീങ്ങുമ്പോഴും അതിനെക്കുറിച്ചുള്ള ഓർമ്മകളാൽ ഹൃദയം വിങ്ങിക്കൊണ്ടിരുന്നു.





SANTHWANA SUDHEESH
Trainee Executive PL



# OUR DESTINY IS OUR OWN DECISIONS

Sometimes we will make some decisions in our life which will have a negative impact or a positive impact in our own life. It is us who decide what we want in our own life. It is believed that the destiny was determined by our decisions itself not on the basis of circumstances and those decisions will lead to our destiny. There is no need to regret for the wrong decision which we took, accept the mistake and just learn from those mistakes. We all are human beings, we will not be perfect always. So never ever regret for any wrong decision which we had choose because we cannot change the past things. I also look one of the wrongest decision and I used to cried a lot for the mistake I did. But by God's grace, those wrongest decision now turned in to beautiful mistake and one of my favourite mistake in my life. Now I am very much happy because of that. It will definitely came a day in our life which we will think that those wrongest decision which I made now turned in to one of a beautiful mistake. One thing you need to ensure is the decision which we made this are good for ourselves and it. It is for the growth of ourselves and nobody is hurted by those decision which you made.

# PRODUCT OF THE MONTH

## LONG TERM DEPOSITS – AMAR SAMRITHI

| Sl No | AMOUNT | TENURE | MATURITY AMOUNT |
|---|---|---|---|
| 1 | 100000 | 10 YEARS | 350000 |
| 2 | 100000 | 15 YEARS | 700000 |
| 3 | 100000 | 20 YEARS | 1500000 |
| 4 | 400000 | 25 YEARS | 10000000 |

# നീ നിന്റെ അഭിപ്രായം നിന്റെ വീട്ടിൽ പറഞ്ഞാൽ മതി

എന്റെ കുഞ്ഞിന്റെ കാര്യത്തിൽ എനിക്ക് അഭിപ്രായം പറയാൻ പാടില്ലേ?'. ആദ്യമായി മായയുടെ ശബ്ദം ആ വീട്ടിൽ ഉയർന്നു. 'നീ നിന്റെ അഭിപ്രായം നിന്റെ വീട്ടിൽ പറഞ്ഞാൽ മതി' എന്ന അമ്മായിയമ്മയുടെ പുച്ഛത്തോടെയുള്ള മറുപടി കേട്ട് ഭർത്താവിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഏകദേശം അതേ അഭിപ്രായം തന്നെയായിരുന്നു അയാളുടെ മുഖത്തും. സങ്കടത്തോടെ അവൾ മുറിയിലേയ്ക്ക് കയറി.

ഉറങ്ങിക്കിടക്കുന്ന കുഞ്ഞിന്റെ മുഖം കണ്ടപ്പോൾ മനസ്സ് ഒന്ന് ശാന്തമായി. പിന്നെ ഇന്നത്തെ സംഭവങ്ങൾ ഒന്ന് ഓർത്തെടുക്കാൻ ശ്രമിച്ചു. നിർത്താതെയുള്ള കുഞ്ഞിന്റെ കരച്ചിൽ കേട്ട് അമ്മായിയമ്മയാണ് ഉറക്കാം എന്ന് പറഞ്ഞു കുഞ്ഞിനെയുമെടുത്ത് പോയത്. പക്ഷേ കുറച്ച് സമയത്തിന് ശേഷം അവൾ നോക്കിയപ്പോൾ കുഞ്ഞിന് കുറുക്ക് കൊടുക്കുന്ന അമ്മയെയാണ് കണ്ടത്. രണ്ടുമാസം മാത്രം പ്രായമായ തന്റെ കുട്ടിക്ക് കുറുക്ക് കൊടുക്കുന്നത് കണ്ടപ്പോ ആത്മനിയന്ത്രണം വിട്ടാണ് അവൾ പൊട്ടിത്തെറിച്ചത്. അതിന്റെ കൂടെ ന്യായീകരണവും.

കുട്ടികൾക്ക് ദഹിക്കാവുന്ന ആഹാരം വേണം കൊടുക്കാൻ. അവർക്ക് ഇപ്പോൾ മുലപ്പാൽ അല്ലാതെ വേറൊന്നും കൊടുക്കാൻ പറ്റില്ല. അങ്ങനെ ചെയ്താൽ വയറുവേദനയും ശർദ്ദിയും വരും. അതുകൊണ്ടാണ് ഡോക്ടർമാർ ആറുമാസം വരെ മുലപ്പാൽ മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്ന് പറയുന്നത്. എന്നൊക്കെ ഞാൻ പറഞ്ഞപ്പോൾ പുച്ഛത്തോടെ ചിരിച്ചിട്ട് ഇതൊക്കെ ഇപ്പോഴത്തെ ആൾക്കാർ പറയുന്നതല്ലേ?. ഞങ്ങളും പിള്ളേരെ വളർത്തിയതാണ്. നിന്റെ കെട്ടിയോനെയും ഞാൻ ഇങ്ങനെ തന്നെയാണ് വളർത്തിയത്. ഇനിയുള്ള കുട്ടികളും ഇങ്ങനെ വളർന്നോളും. എന്നൊക്കെ ആ സ്ത്രീ തർക്കിച്ചു നിന്നു.

'അമ്മയുടെ മക്കൾക്ക് എന്തു കൊടുത്തു വളർത്തി എന്നല്ല ഞാൻ വാദിച്ചത്. എന്റെ കുഞ്ഞിന് ഇത് കൊടുക്കണ്ട എന്നാണ് ഞാൻ പറഞ്ഞത്'. അല്പം കടുപ്പത്തിൽ ആണ് ഞാൻ അത് പറഞ്ഞത്. 'നീ വന്നപ്പോൾ കൊണ്ടുവന്നതൊന്നുമല്ലല്ലോ ഈ കുഞ്ഞിനെ,  എന്റെ മകന്റെ കുട്ടിയാണ്.  അതിൽ എനിക്കും അവകാശമുണ്ട്'. ഒരു വാദപ്രതിവാദമാണ് അമ്മയുടെ ലക്ഷ്യം എന്ന് കണ്ടപ്പോൾ ഞാൻ കുഞ്ഞിനേയുമെടുത്ത് മുറിയിലേക്ക് പോയി. അല്പസമയം കഴിഞ്ഞപ്പോൾ ഭർത്താവ് എത്തി. ഭർത്താവിന്റെ അലർച്ച കേട്ടപ്പോൾ തന്നെ മനസ്സിലായി അമ്മ പറഞ്ഞതൊക്കെ കൃത്യമായി ഏറ്റിട്ടുണ്ടെന്ന് . ഉറങ്ങിക്കിടക്കുന്ന കുഞ്ഞിനെ തൊട്ടിലിലേക്ക് കിടത്തിയിട്ട് ഞാൻ ഭർത്താവിന്റെ  അടുത്തേയ്ക്ക് ചെന്നു.

'നീ അമ്മയായിട്ട് രണ്ടുമാസം അല്ലേ ആയിട്ടുള്ളു, എന്റെ അമ്മ എന്നെ ഉൾപ്പെടെ നാല് മക്കളെ  വളർത്തിയതാണ്. ആ അമ്മ അനുഭവത്തിന്റെ വെളിച്ചത്തിൽ ഓരോന്ന് പറഞ്ഞു തരുമ്പോൾ നീ എന്തിനാ പ്രശ്നമുണ്ടാക്കുന്നത്.  ഇതിപ്പോ കുഞ്ഞിനെ എടുക്കാനും നിന്റെ അനുവാദം വേണോ?' ഭർത്താവ് പറഞ്ഞത് കേട്ട് സങ്കടം വന്നെങ്കിലും ഞാൻ ഉറച്ച ശബ്ദത്തിൽ തന്നെ പറഞ്ഞു. 'കുഞ്ഞിനെ എടുക്കരുത് എന്നൊന്നും ആരും പറഞ്ഞിട്ടില്ല. പക്ഷേ കുറുക്ക് കൊടുക്കാൻ പാടില്ല, മുലപ്പാൽ മാത്രം കൊടുക്കാൻ പാടുള്ളൂ എന്നാണ് ഞാൻ പറഞ്ഞത്. എന്റെ കുഞ്ഞിന്റെ ആരോഗ്യത്തെ ബാധിക്കുന്ന കാര്യമായതുകൊണ്ട്, ഞാൻ പറഞ്ഞത് തെറ്റല്ല'. നീ എന്തിനാ ആവശ്യമില്ലാത്തതൊക്കെ സംസാരിക്കുന്നത്. അമ്മയുമായുള്ള വാദപ്രതിവാദം ഭർത്താവിന് ഇഷ്ടമായില്ല.

എന്റെ കുഞ്ഞിന്റെ കാര്യത്തിൽ എനിക്ക് അഭിപ്രായം പറഞ്ഞുകൂടെ? അമ്മായിയമ്മയുടെ മുഖം കനക്കുന്നതും ദേഷ്യം കൊണ്ട് ചുവക്കുന്നതൊക്കെയും അറിയാമെങ്കിലും തന്റെ മുമ്പിൽ വേറെ വഴിയില്ലാത്തതുകൊണ്ട് അവൾ സങ്കടം പുറത്തു കാണിച്ചില്ല.

തന്റെ വീട്ടിലേക്ക് തിരികെ പോകാൻ പറ്റില്ല. അച്ഛൻ മരിച്ചതോടെ ആങ്ങളയും നാത്തൂനും ആണ് വീട് നോക്കുന്നത്.  അമ്മപോലും ഒരു അഭയാർത്ഥിയെ പോലെയാണ് കഴിയുന്നത്. താൻ കൂടി ചെന്നാൽ ഒരു ബാധ്യതയായി അവർ കാണും.  കാരണം പ്രസവത്തിന് തന്നെ ചെന്നപ്പോൾ കടമ തീർത്തു എന്ന മട്ടിലാണ് അവർ പെരുമാറിയത്.


പിന്നീടും പല അവസരങ്ങളിലും ഞാൻ കേട്ടു, നിന്റെ അഭിപ്രായം നിന്റെ വീട്ടിൽ പറഞ്ഞാൽ മതിയെന്ന്. അതാണ് നിന്റെ വീട്  എന്നൊക്കെ. ശരിയാണ്, കെട്ടിയോന്റെ വീട് ഒരിക്കലും നമ്മുടെ വീട് ആവില്ല, എന്നൊരു ഓർമ്മപ്പെടുത്തൽ കൂടിയാണിത്. എന്നെപ്പോലെ അവരും വന്നു കേറിയതാണ് എന്ന് ചിന്തിച്ചാൽ തീരാവുന്ന പ്രശ്നങ്ങളേയുള്ളൂ. സ്വന്തമായി ഒരു വീട്, എന്റെ എന്നൊന്നും ഉറപ്പിച്ചു പറയാൻ പറ്റാത്ത അവസ്ഥയിൽ നിൽക്കുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും. വന്നു കയറുന്നവളെ സുരക്ഷിതമാക്കി വെയ്ക്കേണ്ടത് അവിടെയുള്ള അമ്മയും പെങ്ങളു മൊക്കെയാണ്. പക്ഷേ അവരുടെ സ്വാതന്ത്ര്യത്തിലേയ്ക്ക്  വന്നു കയറിവളുടെ കടന്നുകയറ്റമായി അവർ കാണുമ്പോൾ അവിടെ പ്രശ്നങ്ങളും ഉണ്ടാകുന്നു.

ഇനിയും എത്രയോ പേർ കേൾക്കാൻ കാത്തിരിക്കുന്നു. എത്രയോ പേർ കേട്ടുകൊണ്ടിരിക്കുന്നു. 'നീ നിന്റെ അഭിപ്രായം നിന്റെ വീട്ടിൽ പറഞ്ഞാൽ മതി'






**JERIN DILJO**
Executive - Front Office





**SINSHA RUDRA**
Executive - Operations





**NAVYA**
Executive - Secretarial


## ಅಮ್ಮನ ಅಂದ

ಹುಟ್ಟಿದಾಗ ಮೊದಲನೆಯ ಕೊಡುಗೆ ಅಮ್ಮ
ಅಮ್ಮಾಳ ಅಂದ ನನಗೆ ಬಲು ಚೆಂದ
ಅವಳ ಬೊಟ್ಟು ಮಾಣಿಕ್ಯದಂತೆ ಅಂದ
ಪುಷ್ಯರಾಗ ಅವಳ ಮೂಗುತಿಗೆ ಚೆಂದ
ಅವಳ ಓಲೆ ಗೋಮೋದಕದಂತೆ ಅಂದ
ಹವಳ ಅವಳ ತಾಳಿಗೆ ಚೆಂದ
ಅವಳ ಬಳೆ ಮರಕತದಂತೆ ಅಂದ
ನೀಲ ಅವಳ ಉಂಗುರಕ್ಕೆ ಚೆಂದ
ಅವಳ ನಗುವು ಮುತ್ತಿಗೆ ಅಂದ
ವಜ್ರದ ಹಾರ ಅವಳ ಕೊರಳಿಗೆ ಚೆಂದ
ಅವಳ ಪ್ರೀತಿ ವೈಡೂರ್ಯದಂತೆ ಅಂದ
ನನಗೆ ಅದು ಬಲು ಚೆಂದ
ಹೆಣ್ಣಿಗೆ ನವರತ್ನಗಳೇ ಅಂದ
ನನಗೆ ನನ್ನ ತಾಯಿಯೇ ಚೆಂದ

- ಲಿಖಿತ್ ರಘುವೀರ



**SWETHA D**
Branch Manager
Bengaluru






## അമ്മ

അമ്മതൻ മടിത്തട്ടിൽ
മയങ്ങിയ രാവുകളെത്രയോ
അമ്മതൻ ചെറുകഥകൾ
കേട്ട നാളുകളെത്രയോ
അമ്മതൻ പുഞ്ചിരിതൂകും
നിറ നിമിഷങ്ങളെത്രയോ
അമ്മിഞ്ഞപ്പാൽ നുകരും നേരം
അമ്മതൻ കരസ്പർശം
ദൈവകരുതലായ്
തോന്നിയ നിമിഷങ്ങളെത്രയോ
ഉള്ളൊന്നുരുകുമ്പോൾ
പൊള്ളുന്ന ഹൃദ്യമാണെന്നമ്മ...
കൊതിക്കുന്ന കാഴ്ചകളെ
നിറപ്പകിട്ടേകാൻ കഴിവുള്ളൊരമ്മ
നോവാർന്ന നിമിഷങ്ങളെ
പുഞ്ചിരിയാക്കും 'അമ്മ
'അമ്മ തൻ കണ്ണുകൾ നനയാതെ
നോക്കും സോദരരെ...



**AISWARYA**
Executive - Customer Relations




***മലങ്കര ക്രെഡിറ്റ് സൊസൈറ്റി 'ഇ - മാഗസിൻ', പെറ്റൽസ് വാല്യം 20 ലക്കി ഡ്രോ മത്സര വിജയി ശ്രീമതി പ്രിയ സി ആർ, ഡി ജി എം ഫിനാൻസ് ശ്രീമതി സന്ധ്യ പി കെയിൽ നിന്നും സ്വർണ്ണ നാണയം ഏറ്റു വാങ്ങുന്നു.***

## പാചക രംഗം

# ചിക്കൻ ഫ്രൈ

### ആവശ്യമുള്ള സാധനങ്ങൾ

ചിക്കൻ കഴുകി വൃത്തിയാക്കിയത് 1 Kg
ഇഞ്ചി 1 കഷണം
വെളുത്തുള്ളി 1 തുടം
കറിവേപ്പില 2 തണ്ട്
സബോള 2 എണ്ണം
കാശ്മീരി ചില്ലി പൗഡർ 2 ടേബിൾ സ്പൂൺ
പെരും ജീരകം പൊടി 1 ടീസ്പൂൺ
കുരുമുളകു പൊടി 2 ടീസ്പൂൺ
ഗരം മസാല പൊടി 1 ടീസ്പൂൺ
മഞ്ഞൾ പൊടി 1/2 ടീസ്പൂൺ
വിനാഗിരി 1 ടേബിൾ സ്പൂൺ
ഉപ്പ് പാകത്തിന്
വെളിച്ചെണ്ണ ആവശ്യത്തിന്

### തയ്യാറാക്കുന്ന വിധം

ഇഞ്ചി, വെളുത്തുള്ളി, കറിവേപ്പില മിക്സിയിൽ ഇട്ട് നന്നായി അരച്ചെടുക്കുക. അതിനുശേഷം ആ മിക്സിയിൽ ബാക്കിയുള്ള മസാലകൾ കുറച്ച് വെള്ളം ചേർത്ത് അരച്ചെടുക്കുക. കഴുകിവെച്ച ചിക്കനിൽ അരപ്പും ഉപ്പും വിനാഗിരിയും ചേർത്ത് നന്നായി യോജിപ്പിക്കുക. രണ്ടു മണിക്കൂറിനു ശേഷം വെളിച്ചെണ്ണയിൽ വറുത്ത് കോരുക. തീ കുറച്ച്, മൂടിവെച്ച് വറുത്തെടുക്കുക. ഒരു ഭാഗം മൊരിയുമ്പോൾ മറിച്ചിടണം. കുറച്ച് കറിവേപ്പില വറുത്തിടുക. സബോള വട്ടത്തിൽ അരിഞ്ഞ് മുകളിൽ ഇടാം.



**MARIYAMA PIOUS**
Vice -Chairman



# ബട്ടർ ചിക്കൻ

### ആവശ്യമുള്ള സാധനങ്ങൾ

ചിക്കൻ 1/2 കിലോഗ്രാം (ചെറിയ കഷണം)
ബട്ടർ ആവശ്യത്തിന്
സവാള 1 1/2 എണ്ണം (ഇടത്തരം)
തക്കാളി 2 എണ്ണം (ഇടത്തരം)
അണ്ടിപ്പരിപ്പ് 15 എണ്ണം (മുഴുവൻ)
വെളുത്തുള്ളി പേസ്റ്റ് 3 ടീസ്പൂൺ
മുളകുപൊടി 1 ടീസ്പൂൺ
കാശ്മീരി മുളക് പൊടി 1 ടീസ്പൂൺ
ഗരം മസാല 1/2 ടീസ്പൂൺ
കസൂരി മേത്തി 1 ടേബിൾസ്പൂൺ
പാൽ / ഫ്രഷ് ക്രീം 2 ടേബിൾസ്പൂൺ
പഞ്ചസാര ഒരു നുള്ള്
ഉപ്പ് / വെള്ളം / എണ്ണ ആവശ്യത്തിന്...

### തയ്യാറാക്കുന്ന വിധം

ഉപ്പ്, മുളകുപൊടി, 1 ടീസ്പൂൺ വെളുത്തുള്ളി പേസ്റ്റ് എന്നിവ ചിക്കനുമായി ചേർത്ത് നന്നായി ഇളക്കി, അര മണിക്കൂർ നേരത്തേക്ക് മാറ്റി വയ്ക്കുക.

ആ സമയത്ത് ഒരു പാനിൽ അല്പം ബട്ടർ ചേർത്ത്, അരിഞ്ഞു വച്ചിരിക്കുന്ന സവാള, തക്കാളി, 2 ടീസ്പൂൺ വെളുത്തുള്ളി പേസ്റ്റ്, ഉപ്പ്, കാശ്മീരി മുളക് പൊടി, ഗരം മസാല, പഞ്ചസാര, അണ്ടിപ്പരിപ്പ് എന്നിവ ആവശ്യത്തിന് വെള്ളവും ചേർത്ത് 15 മിനിറ്റു അടച്ചു വച്ച് വേവിച്ചെടുക്കാം.

ഇനി ഇത് ചൂടാറിയ ശേഷം നന്നായി അരച്ചെടുക്കുക. മാരിനേറ്റ് ചെയ്ത ചിക്കൻ, അല്പം എണ്ണയിൽ മൊരിച്ചെടുക്കാം. അതിനു ശേഷം, അരച്ചെടുത്ത കൂട്ടും മൊരിച്ച ചിക്കനും അല്പം ബട്ടർ, കസൂരി മേത്തി എന്നിവ ചേർത്ത് തിളപ്പിച്ചെടുക്കുക. നന്നായി തിളച്ച ശേഷം, പാൽ അല്ലെങ്കിൽ ഫ്രഷ് ക്രീം ചേർത്ത് ഇളക്കി എടുക്കാം.



**PRIYA JOJO**
Sr Executive Accounts



## TOP PERFORMERS AM (ASSIST TO MEMBER)

1st

**SHAJAN EC**
**12 LAKHS**

2nd

**RUBY ZACHRIAH**
**3 LAKHS**

3rd

**THANKACHAN PP**
**1 LAKHS**

# சூரிய ஒளி- சிறந்த எதிர்காலம்

நாட்டிலேயே அதிக மக்கள்தொகை கொண்ட பகுதிகளில் கேரளாவும் ஒன்று. ஆனால், இந்தியாவின் தென்மேற்கு கடற்கரையில் அமைந்துள்ள இந்த சிறிய மாநிலம் உலகின் முதல் சூரிய சக்தியில் இயங்கும் விமான நிலையத்தையும் கொண்டுள்ளது! 12 மெகாவாட் சோலார் ஆலையுடன் பொருத்தப்பட்ட கொச்சி சர்வதேச விமான நிலையம் அதன் முழு மின்சாரத் தேவையையும் பூர்த்தி செய்ய 46,000 சோலார் பேனல்களைப் பயன்படுத்துகிறது!

ஆனால், மாநிலத்தில் கூரை அல்லது தரையில் பொருத்தப்பட்ட சோலார் ஆலையை நிறுவுவது மதிப்புள்ளதா? கேரள மாநிலத்தில் சூரிய ஒளியின் திறனைப் புரிந்துகொண்டு அந்தக் கேள்விக்கு விடை காண்போம். மேற்கூரை சூரிய சக்தியை மேம்படுத்துவதற்கான கொள்கை கேரள மாநில மின் வாரியம் குடியிருப்பு நுகர்வோருக்கு புதிய சூரிய ஒளி மானியத் திட்டத்தை அறிவித்துள்ளது. இந்தத் திட்டத்தின் கீழ் மக்கள் கூரை சோலார் பேனல்களில் 40% வரை மானியத்தைப் பெறலாம், மேலும் உங்கள் முதலீட்டை விட இரண்டு மடங்கு வருமானத்தை நீங்கள் எப்போதும் பெறுவீர்கள்.

Soura KSEB சோலார் மானியக் குழு மாதிரி 2 - சாதாரண மானிய மாதிரி ஆலையை நிறுவ விரும்பும் நுகர்வோருக்கு மானியத்தை கழித்து முழு செலவில் கிடைக்கும். சோலார் ஆலை மூலம் உற்பத்தி செய்யப்படும் அனைத்து மின்சாரத்தையும் நுகர்வோர் பயன்படுத்த முடியும். உங்கள் சோலார் ஆலையின் திறனின் அடிப்படையில், ஆலை செலவில் 40% வரை மானியமாக நீங்கள் கோரலாம். மத்திய நிதி உதவி மாநில மானியம் தவிர, நுகர்வோர் மத்திய அரசு தொடங்கியுள்ள ஊக்கத்தொகையையும் பெறலாம். 2022 ஆம் ஆண்டில், இந்திய அரசாங்கம் மத்திய நிதி உதவியை (CFA) அறிவித்தது, இது மேற்கூரை சோலருக்கான ஒருங்கிணைந்த தேசிய போர்ட்டலில் இருந்து கோரலாம்.

ஆன்-கிரிட் மற்றும் ஹைபிரிட் (பேட்டரி இல்லாத) சூரிய சக்தி அமைப்புகளைத் தேர்ந்தெடுக்கும் அனைத்து குடியிருப்பு நுகர்வோருக்கும் இந்த மானியம் கிடைக்கும். இருப்பினும், வாடிக்கையாளர்கள் மேட் இன் இந்தியா மற்றும் ALMM அங்கீகரிக்கப்பட்ட சோலார் பேனல்களை மட்டுமே கணினிக்கு பயன்படுத்த முடியும். 2016 ஆம் ஆண்டில், பெரிஞ்சனம் பஞ்சாயத்து அதிகாரிகள் கூரை சோலார் பேனல்கள் மூலம் புதுப்பிக்கத்தக்க ஆற்றலின் திறனைப் பயன்படுத்த முடிவு செய்தனர். முதற்கட்டமாக, பெரிஞ்ஞனத்தில் உள்ள 360க்கும் மேற்பட்ட வீடுகளின் மேற்கூரைகளில் சோலார் பேனல்கள் பொருத்தப்பட்டு, உற்பத்தி செய்யப்படும் மின்சாரம் கேரள மாநில மின்சார வாரியத்தின் (KSEB) மெயின் கிரிட்டில் பதிவேற்றப்பட்டது.

நான்கு ஆண்டுகளுக்குப் பிறகு, பஞ்சாயத்து மொத்தமாக 1.16 மெகாவாட் மின்சாரம் உற்பத்தி செய்து அதை KSEB கிரிட்டில் பதிவேற்றுகிறது. பஞ்சாயத்தில் உள்ள பல குடும்பங்கள் நுகர்வுக்குப் பிறகு உற்பத்தி செய்யப்படும் அதிகப்படியான மின்சாரத்திற்காக KSEB மூலம் பணம் பெறுகின்றனர். இந்த ஆண்டின் தொடக்கத்தில் மாநில பட்ஜெட் உரையிலும் பெரிஞ்ஞனத்தின் வெற்றி மற்றவர்களுக்கு உத்வேகமாக அமைந்தது. இதனால் இந்த சிறிய பஞ்சாயத்து கேரளாவில் சோலார் எனர்ஜி சிஸ்டத்தின் மிகப்பெரிய தொடக்கத்திற்கு எடுத்துக்காட்டாக உள்ளது, இது முழு மாநிலத்திற்கும் வெற்றி கிரீடத்தில் பொன் தூவலாக இருக்கும்.



**JANARDHANAN**
Member

# FUN FROLIC

## HAPPY BIRTHDAY



**Pawsan Varghese**



**Bijoy C Joy**



**Jithin Murali**



**Tigy**



**Silpa**



**Aiswarya**



**Divya**



**Rishoy**










# Answer & Win!

Terms and conditions apply

for members only

***1)മലങ്കര ക്രെഡിറ്റ് സൊസൈറ്റിയിൽ കോടിപതിയാവാൻ ഒരുക്കിയിരിക്കുന്ന സ്കീമാണ് ക്രോർപതി, (അമർ സമൃതി), ഈ സ്കീമിൽ നിക്ഷേപിക്കേണ്ട മിനിമം നിക്ഷേപ തുക എത്രയാണ്?***

***2)ക്രോർപതി സ്കീമിന്റെ കാലാവധി എത്രയാണ്?***

മുകളിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകൂ, 9072597329 എന്ന നമ്പറിലേക്ക് നിങ്ങളുടെ അംഗത്വ ഐഡിയും മുഴുവൻ പേരും മൊബൈൽ നമ്പറും സഹിതം WhatsApp ചെയ്യൂ
അല്ലെങ്കിൽ media@mmsccs.com ലേക്ക് ഇമെയിൽ ചെയ്യുക

## നിബന്ധനകളും വ്യവസ്ഥകളും

1. മലങ്കര ക്രെഡിറ്റ് സൊസൈറ്റിയാണ് ഭാഗ്യ നറുക്കെടുപ്പ് മത്സരം നിങ്ങളിലേക്ക് കൊണ്ടുവരുന്നത്
2. പങ്കെടുക്കാൻ യോഗ്യത നേടുന്നതിന്, നിങ്ങൾ മലങ്കര ക്രെഡിറ്റ് സൊസൈറ്റിയിൽ അംഗമായിരിക്കണം
3. മലങ്കര ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാർക്ക് മത്സരത്തിന് അർഹതയില്ല
4. 2023 ഒക്ടോബർ 5, ഉച്ചയ്ക്ക് 12 മണി വരെ നിങ്ങൾക്ക് ഉത്തരങ്ങൾ അയക്കാം.
5. എല്ലാ ചോദ്യങ്ങൾക്കും നിങ്ങൾ ശരിയായി ഉത്തരം നൽകിയാൽ നിങ്ങൾക്ക് ഒരു ഭാഗ്യ നറുക്കെടുപ്പിന് അർഹതയുണ്ട്.
6. ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം നൽകിയ അംഗങ്ങൾക്കിടയിൽ ഇത് നടപ്പിലാക്കും.
7. 2023 ഒക്ടോബർ 6ന് നറുക്കെടുപ്പിലൂടെ വിജയിയെ തിരഞ്ഞെടുക്കും.
8. നറുക്കെടുപ്പിലെ വിജയിക്ക് സ്വർണ്ണ നാണയം ലഭിക്കും

## ***AUGUST*** - Liability Products

1st
12 Lacs



Preetha GD
Senior Branch Manager

2nd
10.5 Lacs



Girija K
ABM Liability

3rd
8 Lacs



Renjumol Reghu
Customer Relationship Executive